(സി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ ചെറുകിട വൻകിട വ്യവസായങ്ങൾ വഴി പുതുതായി എത്ര പേർക്കു കൂടി തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) 20135 പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ സ്ത്രീകളുടേയും പുരുഷൻമാരുടെയും കണക്കു വിവരം ശേഖരിച്ചു വരുന്നു.

(ബി) വരുന്ന രണ്ടു വർഷക്കാലം ജില്ലയിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ചെറുകിട വ്യവസായങ്ങൾ പ്രധാനമായും റെഡി മെയ്ഡ് ഗാർമെന്റ്സ് കളിമൺ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്-പ്രിന്റിംഗ്, തടി വ്യവസായം, ലതർ വ്യവസായം തുടങ്ങിയവയാണ്.

കെ.എസ്.ഐ.ഡി.സി. യുടെ സഹായ സഹകരണത്തോടെ ആരംഭിക്കാനാവുമെന്നു പ്രതീക്ഷിക്കുന്ന ഇടത്തരം/വൻകിട വ്യവസായങ്ങൾ സെൻട്രൽ ട്രാവൻകൂർ സ്പെഷ്യലിസ്റ്റ് ഹോസ്പിറ്റൽ, ഹോട്ടൽ സുധീർ, കെ. ഇ.കെ. ഫുഡ് കമ്മോഡിറ്റീസ് ലി., കേരള പേപ്പർ ആന്റ് ബോർഡ് മിൽസ്, ഉഷാടെക്സ്റ്റൈൽ എഞ്ചിനീയേഴ്സ് എന്നിവയാണ്. കെ.എം.എം.എൽ-ന്റെ ഒരു യൂണിറ്റു തുടങ്ങുന്ന കാര്യം ആലോചനയിൽ ഉണ്ട്.

(സി) 14,718 പേർക്കു കൂടി പുതുതായി തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**30 (1256) സീതാറാം മില്ലിന്റെ ആസ്തികളുടെ വിൽപ്പന**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ എത്ര സ്ഥലം വിൽപ്പന നടത്തിയെന്നും ആരാണ് സ്ഥലം വാങ്ങിയതെന്നും എന്തു വില കിട്ടിയെന്നും അറിയിക്കുമോ;

(ബി) മില്ലിന്റെ കെട്ടിടം വിൽപ്പന നടത്തിയോ, എങ്കിൽ എന്തു തുക ലഭിച്ചു;

(സി) സ്ഥലവും കെട്ടിടവും വിറ്റു കിട്ടിയ തുകകൊണ്ട് മില്ലിൽ എന്തൊക്കെ വികസനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) മില്ലിലെ യന്ത്രങ്ങൾ വിൽപന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ യന്ത്രങ്ങൾ; ഇതിൽ നിന്ന് എന്തു തുക ലഭിച്ചു;

(ഇ) മില്ലിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) തൃശ്ശൂർ സീതാറാം മില്ലിന്റെ 2.7445 ഏക്കർ സ്ഥലം വിൽപ്പന നടത്തി. തൃശ്ശൂരിലെ ധനലക്ഷ്മി ബാങ്കാണ് സ്ഥലം വാങ്ങിയത്. 4,12,21,950 രൂപ വില കിട്ടി.

(ബി) മില്ലിന്റെ കെട്ടിടം ധനലക്ഷ്മി ബാങ്കിനു വിറ്റ വകയിൽ 22,50,000 രൂപ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മില്ലിന്റെ സ്ഥലവും കെട്ടിടവും വിറ്റുകിട്ടിയ തുകകൊണ്ട് ധന ലക്ഷ്മി ബാങ്കിൽ കൊടുക്കാനുള്ള 2 കോടി 50 ലക്ഷം രൂപയും ഇ.എസ്.ഐ. യ്ക്കും പി.എഫിനും കൊടുക്കാനുള്ള 36,76,300 രൂപയും മുൻകാലങ്ങളിൽ പഞ്ഞി നൽകിയവർക്കും മറ്റും കൊടുക്കാനുള്ള 1,47,95,650 രൂപയും കൊടുത്തു തീർത്തിട്ടുണ്ട്.

(ഡി) പഴയതും ഉപയോഗശൂന്യവുമായ യന്ത്രങ്ങൾ വിൽപ്പന നടത്തി യിട്ടുണ്ട്. വിൽപ്പന സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വീവിംഗ് മെഷനറി | : | 27,01,413 രൂപ |
| സ്പിന്നിംഗ് മെഷനറി | : | 17,45,741 രൂപ |
| പ്രോസസിംഗ് മെഷനറി | : | 2,71,298 രൂപ |

(ഇ) മില്ലിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി സ്പിന്നിംഗ് വിഭാഗത്തിൽ ആദ്യഘട്ടത്തിൽ പന്തീരായിരം സ്പിൻഡിലുകളും രണ്ടാം ഘട്ടത്തിൽ നാലായിരം സ്പിൻഡിലുകളും മാറ്റി സ്ഥാപിക്കുന്നതിനും പ്രോസസിംഗ് ഡിപ്പാർട്ടുമെന്റിന്റെ നവീകരണത്തിനുമുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**31 (1257) കുന്നത്തറ ടെക്സ്റ്റൈൽസ്**

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാനാകും?

ഉത്തരം

(എ)&(ബി) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസ് പുന രുദ്ധാരണത്തിനായി 29.6.1998-ലെ ജി.ഒ.(എം.എസ്സ്)96/98/വ്യവ. ഉത്തരവ് പ്രകാരം കോയമ്പത്തൂരിലെ മെമ്പേഴ്സ് ജി.എം. സ്വാമിയെ ഒരു ജോയിന്റ് പാർട്ടിസിപ്പെന്റായി ഉൾപ്പെടുത്തി ഒരു മാനേജ്മെന്റ് എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയുണ്ടായി. തുടർന്നു 30.1.1999-ൽ കുന്നത്തറ ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ ബോർഡ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ ശ്രീ. ജി.എം. സ്വാമിയും കുന്നത്തറ ടെക്സ്റ്റൈൽസ് മാനേജ്മെന്റും കരാറിൽ ഒപ്പ് വച്ചു. കൂടാതെ ടി മില്ലിന്റെ അറ്റകുറ്റപ്പണികൾക്കും വൃത്തിയാക്കലിനും ആവശ്യമായ തുക മില്ലിന് നൽകിയിട്ടുണ്ട്. ഫാക്ടറി എത്രയും വേഗം തുറന്നു പ്രവർത്തി ക്കാനുള്ള ശ്രമം നടന്നുവരുന്നു.

**32 (1258) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പരമ്പരാ ഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly